


# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


9 ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം . 1

1 പുതിയ കാലഘട്ടത്തിന്റെ പ്രാധാന്യം . 2

2 കമ്യൂണിസത്തിന്റെ പിന്തുണ. . . . . . 3

3 സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സൗഹാർദ്ദം . . . . . . . . . . . . . . . 4

4 മാറ്റത്തിന്റെ കാരണം . . . . . . . . . 5

## 9

# ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം

1947-ൽ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഇന്ത്യക്കു സ്വാതന്ത്ര്യം നൽകാൻ നിർബന്ധിതമായപ്പോൾ അവരാശിച്ചത് തങ്ങളുടെ കൊളോണിയൽ സാമ്പത്തിക ചൂഷണം പുതിയ രൂപങ്ങളിൽ തുടരാൻ കഴിയുമെന്നാണ്. രാഷ്ട്രീയസ്വാതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിന്റെ പ്രാരംഭമായിത്തീരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. സ്വയം വളരാനും ലാഭം വർദ്ധിപ്പിക്കാനും വെമ്പൽകൊള്ളുന്ന ഇന്ത്യൻ ദേശീയ ബൂർഷ്വാസിക്ക് തങ്ങളെ കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടിവരുമെന്നും ആ ആശ്രയത്വത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ വ്യവസായവൽക്കരണസംരംഭങ്ങളെ തടഞ്ഞുനിർത്താനും അങ്ങിനെ സാമ്പത്തികച്ചങ്ങലകളുടേയും രാഷ്ട്രീയ ചരടുവലികളുടേയും സഹായത്തോടുകൂടി ഇന്ത്യയെ തങ്ങളുടെ ചൂഷണത്തിനു പറ്റിയ ഒരു പിന്നണിരാജ്യമാക്കി നിലനിർത്താനും സാധിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം

## 1 പുതിയ കാലഘട്ടത്തിന്റെ പ്രാധാന്യം

എന്നാൽ ഇതൊരു തെറ്റായ കണക്കുകൂട്ടലായിരുന്നു. എന്തെന്നാൽ, സോഷ്യലിസം ഒരു ലോകസാമ്പത്തിക വ്യവസ്ഥയായി വളരുകയും സാമ്രാജ്യത്വം ഏറ്റവുമധികം ക്ഷയിക്കുകയും കോളണിവ്യവസ്ഥ ഛിന്നഭിന്നമായിത്തീരുകയും ചെയ്ത ഒരു പുതിയ കാലഘട്ടത്തിലാണ് ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായി തല ഉയർത്തിപ്പിടിക്കാൻ തുടങ്ങിയത്. പിന്നണിരാജ്യങ്ങളുടെ വളർച്ചയുടെ ഗതി നിർണ്ണയിക്കാൻ സാമ്രാജ്യശക്തികൾക്കുള്ള കഴിവ് ചുരുങ്ങിച്ചുരുങ്ങി വരികയും സോഷ്യലിസത്തിന്റെ നിർണ്ണായകമായ പങ്ക് വർദ്ധിച്ചുവരികയും ചെയ്യുന്ന ഒരു പുതിയ കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ ഉള്ളടക്കത്തിന് പുതിയൊരർത്ഥവും പുതിയ ഒരു ഉത്തേജനവും ലഭിക്കുന്നു; സാമ്രാജ്യത്വമേധാവികളുടെ പിടിയിൽ നിന്ന് സ്വന്തം രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥയെ മോചിപ്പിക്കാൻ ദേശീയ ബൂർഷ്വാസിക്ക് കൂടുതൽ കൂടുതൽ കെൽപ്പ് ഉണ്ടായിത്തീരുന്നു; വിദേശ കുത്തകമുതലാളികളുടെ എതിർപ്പുകളെയും തടസ്സങ്ങളെയും ഫലപ്രദമായി നേരിട്ടുകൊണ്ട് സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാൻ അവർ മുന്നോട്ടുവരുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാമ്പത്തിക സഹായങ്ങൾ ഇക്കാര്യത്തിൽ അതിപ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്.

## 2 കമ്യൂണിസത്തിന്റെ പിന്തുണ.

സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷമുള്ള ഇന്ത്യയുടെ നയ പരിപാടികൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും—ചേരിചേരാ നയം, സമാധാനപരമായ സഹവർത്തിത്വം, പഞ്ചവത്സരപദ്ധതികൾ, അടിസ്ഥാനവ്യവസായങ്ങൾക്കും വ്യവസായങ്ങളുടെ പൊതുമേഖലയ്ക്കും നൽകപ്പെടുന്ന പ്രാധാന്യം ഇതെല്ലാം ഫലത്തിൽ സാമ്രാജ്യാധിപത്യത്തിനെതിരായ നയങ്ങളാണ്; രാജ്യത്തിന്റെ പൊതു ദേശീയ താൽപര്യങ്ങൾക്കനുയോജ്യമായ നയങ്ങളാണ്. ഈ മൗലികനയങ്ങളുടെ വിജയത്തിൽ ദേശീയ ബൂർഷ്വാസിക്കെന്നപോലെ തൊഴിലാളിവർഗ്ഗത്തിനും താൽപര്യമുണ്ട്. തങ്ങളുടെ നേതൃത്വത്തിൽ സാമ്രാജ്യത്വചൂഷണത്തിൽ നിന്നു സ്വതന്ത്രമായ ഒരു മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുത്തുറപ്പിക്കാൻ ഈ നയങ്ങൾ സഹായകരമായിരിക്കുമെന്നു ദേശീയ ബൂർഷ്വാസി കരുതുന്നു. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളമാകട്ടെ അവ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഭാഗമാണ്. അതുകൊണ്ടുതന്നെയാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഈ നയങ്ങളെ പിന്താങ്ങുന്നത്. അതുകൊണ്ടുതന്നെയാണ് കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങളെ തുടച്ചുനീക്കാനും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി നെഹ്റു ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിജയവാഡ കോൺഗ്രസ് ഇങ്ങിനെ സ്വാഗതം ചെയ്തത്.

"ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനഫലമായി നമ്മുടെ രാജ്യത്തിന്റെ വ്യാവസായികാടിസ്ഥാനം കൂടുതൽ വിസ്തൃതവും ശക്തവുമായിത്തീർന്നിട്ടുണ്ടെന്ന വസ്തുത നമ്മുടെ ജനങ്ങൾ സ്വാഗതം ചെയ്യുന്നു. മുമ്പ് നാം ഇറക്കുമതി ചെയ്തിരുന്ന പലചരക്കുകളും ഇന്നിവിടെ ഉൽപാദിപ്പിക്കുന്നുണ്ട്. വിദ്യുച്ഛക്തി ജലസേചനപദ്ധതികളിൽ ഗണ്യമായ വികസനമുണ്ടായിരിക്കുന്നു. സാമ്പത്തിക പുരോഗതിക്ക് അത്യധികം പ്രാധാന്യമുള്ള പല ഘനവ്യവസായങ്ങളും അടിസ്ഥാനവ്യവസായങ്ങളും ഉണ്ടായിട്ടുണ്ട്. പൊതുമേഖലയുടെ വളർച്ചയെ പരാജയപ്പെടുത്താനുള്ള സാമ്രാജ്യവാദികളുടെയും നമ്മുടെ നാട്ടിനകത്തുള്ള ചില കുത്തകവൃത്തങ്ങളുടെയും എല്ലാ ശ്രമങ്ങളുമുണ്ടായിട്ടും പൊതുമേഖല വളർന്നിരിക്കുന്നു. നമ്മുടെ സമ്പദ്ഘടനയുടെ ഒരു പ്രധാന മേഖലയായ എണ്ണ വ്യവസായത്തിൽ എണ്ണകമ്മീഷൻ എടുത്തുപറയേണ്ട വിജയങ്ങൾ നേടിക്കഴിഞ്ഞിട്ടുണ്ട്—ഇന്നേവരെ ആംഗ്ലോ അമേരിക്കൻ സാമ്രാജ്യവാദികളുടെ പൂർണ്ണനിയന്ത്രണത്തിലായിരുന്ന പ്രസ്തുത മേഖല, മൂന്നാം പദ്ധതിയുടെ വലിപ്പം വെട്ടിക്കുറയ്ക്കാനും, ഘനവ്യവസായങ്ങളിലും അടിസ്ഥാനവ്യവസായങ്ങളിലുമുള്ള ഊന്നൽ വേണ്ടെന്നുവയ്ക്കാനും സാമ്രാജ്യവാദികളും ഇന്ത്യൻ പിന്തിരിപ്പന്മാരും മുന്നോട്ടുവച്ച ആവശ്യത്തിന് ഇന്ത്യാ ഗവൺമെന്റ കീഴടങ്ങിയില്ലെന്നത്—സ്വാഗതാർഹമാണ്. നമ്മുടെ ദേശീയസ്വാതന്ത്ര്യം ഇന്നു മുമ്പത്തെക്കാൾ ഉറച്ച ഒരു സാമ്പത്തികാടിസ്ഥാനത്തിലാണ് നിൽക്കുന്നത്". (വിജയവാഡാ കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രമേയം—പേജ് 6) സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാൻ സമാധാനത്തിന്റേതായ സാഹചര്യങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. അതുകൊണ്ടുതന്നെയാണ് ഇന്ത്യ സമാധാനപരമായ ഒരു വിദേശനയം പിന്തുടർന്നുവരുന്നത്.

## 3 സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സൗഹാർദ്ദം

പുതുതായി സ്വാതന്ത്ര്യം നേടിയ ഇന്ത്യയെപ്പോലുള്ള പിന്നണി രാജ്യങ്ങൾ തുടർന്നുവരുന്ന മൗലികനയങ്ങൾ ലോകസമാധാനത്തിനും ലോകപുരോഗതിക്കും നൽകിയ വിലപിടിച്ച സംഭാവനകളെ സോഷ്യലിസ്റ്റ് രാജ്യങ്ങളും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 22-ാം കോൺഗ്രസ്സ് അംഗീകരിച്ച പരിപാടിയിൽ ഇങ്ങനെ പറയുന്നു:

> "ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ നിലനിൽപ്പും സാമ്രാജ്യത്തത്തിന്റെ ബലഹീനതയും പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളിലെ ജനങ്ങൾക്കു ദേശീയ പുനരുത്ഥാനത്തിനും വളരെക്കാലമായി നിലനിൽക്കുന്ന പിന്നോക്കനിലയേയും ദാരിദ്ര്യത്തേയും അവസാനിപ്പിക്കുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിനുമുള്ള സാദ്ധ്യതകൾ ഉളവാക്കിയിരിക്കുന്നു".

(22-ാം കോൺഗ്രസ്സിന്റെ പരിപാടി പേജ് 62)

പുതിയ സാഹചര്യങ്ങളിൽ പുതിയ സാദ്ധ്യതകളുളവാക്കിയിരിക്കുന്നു എന്നു ചുമ്മാ ചൂണ്ടിക്കാണിക്കുക മാത്രമല്ല സോവിയറ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ചെയ്യുന്നത്. പിന്നെയോ?

> "കൊളോണിയൽ അർദ്ധകൊളോണിയൽ മർദ്ദനവാഴ്ചയെ വലിച്ചെറിഞ്ഞ ജനങ്ങളുമായുള്ള സൗഹാർദ്ദപരമായ സഖ്യം സ്വന്തം സാർവ്വദേശീയ നയത്തിന്റെ മൂലക്കല്ലായി സോവിയറ്റ്യൂണിയനിലെ കമ്മ്യൂണിസ്റ്റു പാർട്ടി കരുതുന്നു. ലോകസോഷ്യലിസത്തിന്റെയും ലോകത്തിലെ ദേശീയ വിമോചനപ്രസ്ഥാനത്തിന്റെയും പൊതുവായ മൗലിക താൽപര്യങ്ങളെ അടിസ്ഥാനമാക്കിയതാണ് ഈ സഖ്യം. സ്വന്തം ദേശീയ സ്വാതന്ത്ര്യം നേടാനും ശക്തിപ്പെടുത്താനും തുടങ്ങിയിരിക്കുന്ന എല്ലാ ജനതകളേയും—കോളണി വ്യവസ്ഥയെ പൂർണ്ണമായി തുടച്ചുനീക്കാൻ സമരം ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ജനതകളേയും-സഹായിക്കുക എന്നത് സ്വന്തം സാർവ്വദേശീയകടമയായി സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി കരുതുന്നു".

(22-ാം കോൺഗ്രസ്സിന്റെ പരിപാടി പേജ് 70)

81 കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്ത ലോകകമ്യൂണിസ്റ്റ് സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ച പ്രസ്താവനയിൽ പറയുന്നു:

> "സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്ന ജനതകളുടേയും സാമ്രാജ്യത്വനുകത്തെ വലിച്ചെറിഞ്ഞുകഴിഞ്ഞ ജനതകളുടേയും ആത്മാർത്ഥതയുള്ള യഥാർത്ഥ സുഹൃത്തുക്കളാണ് സോഷ്യലിസ്റ്റ് രാജ്യങ്ങൾ. യുവദേശീയ രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനെ തത്വത്തിന്റെ അടിസ്ഥാനത്തിൽ തിരസ്കരിക്കുന്നതോടൊപ്പംതന്നെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ ജനതകളെ അവരുടെ സ്വാതന്ത്ര്യം ശക്തിപ്പെടുത്തുന്നതിൽ സഹായിക്കുന്നത് തങ്ങളുടെ സാർവ്വദേശീയ കടമയായി കരുതുന്നു. പുരോഗതി നേടുന്നതിനും, ഒരു ദേശീയ വ്യവസായം സൃഷ്ടിക്കുന്നതിനും ദേശീയ സമ്പദ്യവസ്ഥയെ വികസിപ്പിച്ചുറപ്പിക്കുന്നതിനും, ദേശീയ സാങ്കേതിക വിദഗ്ധന്മാരെ പരിശീലിപ്പിക്കുന്നതിനും, അവർ ഈ രാജ്യങ്ങളെ പിന്താങ്ങുകയും ഉദാരമായി സഹായിക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വത്തിന്റെ ആക്രമണങ്ങൾക്കെതിരായി ലോകസമാധാനം കാത്തുരക്ഷിക്കുന്നതിനുവേണ്ടി ഈ രാജ്യങ്ങളുമായി സഹകരിക്കുകയും ചെയ്യുന്നു".

(കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധിസമ്മേളനത്തിന്റെ പ്രസ്താവന പേജ് 41)

അടുത്തകാലം വരെ ചൈനയിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് ഈ അഭിപ്രായംതന്നെയാണുണ്ടായിരുന്നത്. ഇന്ത്യയുടെ സമാധാനപരവും സാമ്രാജ്യവിരുദ്ധവുമായ പരിപാടികളുടെ പ്രാധാന്യത്തെ അവരും അംഗീകരിച്ചിരുന്നു. ഉദാഹരണത്തിനു 1954-ൽ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ ചൈനീസ് പ്രധാനമന്ത്രി ചൗഎൻലായി ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി:

> "സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരയൽരാജ്യമുണ്ടെന്ന കാര്യത്തിൽ ചൈനയിലെ ജനങ്ങൾക്കു വലിയ സന്തോഷമുണ്ട്. ഇൻഡോചീനായുദ്ധം അവസാനിപ്പിക്കുന്നതിൽ ഇന്ത്യ ഇടവിടാത്ത താൽപര്യം കാണിച്ചിട്ടുണ്ട്. ജനീവാ സമ്മേളനത്തിൽവച്ച് ഇൻഡോ ചീനയിൽ സമാധാനം സ്ഥാപിക്കാൻവേണ്ടി നടത്തപ്പെട്ട പരിശ്രമങ്ങളെ ഇന്ത്യ വൈമനസ്യം കൂടാതെ പിന്താങ്ങിയിട്ടുണ്ട്. ഏഷ്യയിൽ സമാധാനം കാത്തുരക്ഷിക്കുന്നതിൽ ഇന്ത്യയുടെ ഈ നിലപാടിനു വമ്പിച്ച പ്രാധാന്യമുണ്ടെന്നു വളരെ വ്യക്തമാണ്".
>
> (ന്യൂ ഏജ് ജൂലൈ 4, 1954)

1956-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എട്ടാം കോൺഗ്രസിൽ വച്ച് ചെയ്ത പ്രസംഗത്തിൽ ചൈനീസ് വിദേശകാര്യമന്ത്രി ഇങ്ങനെ പ്രസ്താവിച്ചു: "കോളനിഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ രാജ്യങ്ങൾ നീണ്ടകാലത്തെ കൊളോണിയലിസത്തിന്റെ ഫലമായി നിലനിന്നുപോരുന്ന സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കനിലയ്ക്കൊരു അറുതിവരുത്താൻ വേണ്ടി ലോകസമാധാനവും രാഷ്ട്രങ്ങൾതമ്മിലുള്ള സഹകരണവും സ്ഥാപിക്കുന്നതിന്റെ പ്രാധാന്യം നന്നായി മനസ്സിലാക്കുന്നുണ്ട്. ഉന്നതമായ തങ്ങളുടെ ലക്ഷ്യം നേടാൻ വേണ്ടിയാണവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനകം തന്നെ പ്രധാനപ്പെട്ട പല സംഭാവനകളും അവർ നൽകികഴിഞ്ഞിട്ടുണ്ട്. ഇൻഡോചീനയിൽ സമാധാനം സ്ഥാപിക്കാൻ വേണ്ടി ജനീവാസമ്മേളനം എത്തിച്ചേർന്ന ഒത്തുതീർപ്പിൽ ഇന്ത്യ, ബർമ്മ, ഇന്തോനേഷ്യ, സിലോൺ എന്നീ കൊളമ്പുരാഷ്ട്രങ്ങൾ വഹിച്ച ക്രിയാത്മകമായ പങ്ക് നമ്മളെല്ലാം ഇപ്പോഴും ഓർക്കുന്നു. നമ്മുടെ മഹത്തായ അയൽരാജ്യം—ഇന്ത്യ—ഒരു ലോകശക്തിയെന്നനിലയ്ക്കു സമാധാനം സ്ഥാപിക്കാനും വിവിധരാജ്യങ്ങൾ തമ്മിൽ സൗഹാർദ്ദം വളർത്താനും വേണ്ടി നൽകിയ വിലപിടിച്ച സംഭാവനകളെപ്പറ്റിയും ഇവിടെ എടുത്തുപറയേണ്ടതുണ്ട്". (ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 1959 മാർച്ച് 8-ാം തീയതിയിലെ 'പീപ്പിൾസ് ഡെയ്‌ലിയിൽ പ്രസിദ്ധം ചെയ്ത 'തിബത്തിലെ വിപ്ലവവും നെഹ്റുവിന്റെ തത്വശാസ്ത്രവും' എന്ന ലേഖനത്തിൽ പോലും അവരിങ്ങനെയാണെഴുതിയത്. "നമ്മുടെ അയൽപക്കത്തുള്ള ഒരു സുഹൃദ് രാഷ്ട്രമായ ഇന്ത്യയിലെ പ്രധാനമന്ത്രി നെഹ്റു ലോകമൊട്ടുക്കും ബഹുമാനിക്കപ്പെടുന്ന രാജ്യതന്ത്രജ്ഞന്മാരിൽ ഒരാളാണ്. ചൈനയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹം, ചൈനയുടെ ഒരു സുഹൃത്തും യുദ്ധം, ആക്രമണം എന്നീ സാമ്രാജ്യത്വനയങ്ങളുടെ ശത്രുവുമാണെന്ന കാര്യം വിശേഷിച്ചും നമുക്കു മറക്കാനാവില്ല".

എന്നാൽ ഏതാനും മാസങ്ങൾക്കു ശേഷം ഇന്ത്യാ-ചൈനാ അതിർത്തിതർക്കം മൂർച്ഛിച്ചതോടുകൂടി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താത്വികവിശകലനങ്ങൾക്കു പെട്ടെന്നൊരു മാറ്റമുണ്ടായി. അതേവരെ സാമ്രാജ്യത്വത്തിന്റെ ശത്രുവായി കണക്കാക്കപ്പെട്ട ഇന്ത്യ പൊടുന്നനെ സാമ്രാജ്യത്വത്തിന്റെ ഏജന്റായി ചിത്രീകരിക്കപ്പെടാൻ തുടങ്ങി. ചൈനയുടെ സുഹൃത്തായി വാഴ്ത്തപ്പെട്ട പ്രധാനമന്ത്രി നെഹ്റു ചൈനയുടെ മാത്രമല്ല പുതുതായി സ്വാതന്ത്ര്യം നേടിയ എല്ലാ ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെയും ശത്രുവായിത്തീർന്നു. ലോകസമാധാനത്തിനു വിലപിടിച്ച സംഭാവനകൾ നൽകിയ നെഹ്റു പെട്ടെന്ന് ആക്രമണകാരിയും യുദ്ധക്കൊതിയനുമായിത്തീർന്നു.

"ഇന്ത്യയുടെ വടക്കനതിർത്തിയുടെ രക്ഷയ്ക്കു യാതൊരു ഭീഷണിയുമുണ്ടായിട്ടില്ലെന്ന് അല്പമെങ്കിലും സാമാന്യബുദ്ധിയുള്ള ആർക്കും കാണാൻ കഴിയു"മെന്നും എന്നിട്ടും ഇന്ത്യൻ ഭരണാധികാരികൾ "ചൈനീസ് ആക്രമണമെന്ന മുറവിളികൂട്ടുകയും" അതിർത്തിപ്രദേശങ്ങളിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ഒന്നിനുശേഷം മറ്റൊന്നായി ഇടവിടാതെ ചൈനാവിരുദ്ധ പ്രക്ഷോഭണങ്ങൾ ആളിക്കത്തിക്കുകയും ചെയ്യുകയാണെന്നു നെഹ്റു ഗവൺമെന്റിനെതിരായി വളർന്നുവരുന്ന ജനകീയസമരങ്ങളെ മറ്റൊരിടത്തേക്കു തിരിച്ചുവിടുകയും അമേരിക്കയിൽനിന്നു കൂടുതൽ 'സഹായം' നേടുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ഉദ്ദേശമെന്നും മറ്റും 1961 ഡിസംബർ 7-ാം തീയതിയിലത്തെ പീപ്പിൾസ് ഡെയിലിയിൽ അവർ എഴുതിനിറച്ചു. പീക്കിംഗ്റെവ്യൂ 1961 ഡിസംബർ 15 സാമ്രാജ്യവാദികളുടെ ചൊൽപടിക്കു തുള്ളുന്ന ഒരു രാജ്യമാണ് ഇന്ത്യയെന്നും "അമേരിക്കൻ സഹായത്തിന്റെ തുകകൾ വർദ്ധിക്കുന്ന തോതനുസരിച്ച് ഇന്ത്യയുടെ ചൈനാ വിരുദ്ധപ്രക്ഷോഭവും വർദ്ധിച്ചുവരുന്നു എന്നും മറ്റുമുള്ള ആരോപണങ്ങൾ അവരുന്നയിക്കാൻ തുടങ്ങി.

നീഫയിലും ലഡാക്കിലും വൻ തോതിലുള്ള ആക്രമണമഴിച്ചുവിട്ടയുടനെ അവർ തങ്ങളുടെ പുതിയ സിദ്ധാന്തങ്ങൾക്ക് കൂടുതൽ ഉഗ്രമായ ഒരു രൂപം നൽകി. 1962 ഒക്ടോബർ 27-ാം തീയതിയിലത്തെ 'പീപ്പിൾസ് ഡെയ്‌ലി'യിൽ 'നെഹ്റുവിന്റെ തത്വശാസ്ത്രത്തെക്കുറിച്ചു കുറേക്കൂടി' എന്ന ഒരു നീണ്ട ലേഖനം അവർ പ്രസിദ്ധം ചെയ്തു. അതിലടങ്ങിയ ഏറ്റവും രസകരമായ ചില കണ്ടുപിടിത്തങ്ങൾ മാത്രം താഴെ ഉദ്ധരിക്കട്ടെ.

> "ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിനു മുമ്പുതന്നെ വലിയൊരു ഇന്ത്യൻസാമ്രാജ്യം സ്ഥാപിക്കണമെന്നു നെഹ്റു സ്വപ്നം കണ്ടിരുന്നു".
>
> "ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിനുശേഷം നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഭരണാധികാരിവൃത്തങ്ങൾ ബ്രിട്ടീഷ് കൊളോണിയലിസ്റ്റ് ഭരണാധികാരികളുടെ പാരമ്പര്യങ്ങളെ കാത്തുരക്ഷിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണാധികാരിവൃത്തങ്ങൾ ഇന്ത്യയുടെ ചുറ്റുമുള്ള രാജ്യങ്ങളുടെ സാമ്പത്തിക വ്യവസ്ഥയേയും വ്യാപാരത്തേയും നിയന്ത്രിക്കാനും അവയെ സ്വന്തം ചൊൽപടിയിലാക്കാനും വേണ്ടി എല്ലാ കഴിവുകളും ഉപയോഗിച്ചു".
>
> "നെഹ്റുവിന്റെ വിദേശനയം പ്രകടമായും സാമ്രാജ്യത്വത്തിനു കൂടുതൽ അനുകൂലമായിത്തീർന്നിരിക്കുന്നു".
>
> "ഇന്ത്യക്ക് അമേരിക്ക നൽകുന്ന സഹായം നെഹ്റു ഗവൺമെന്റിന്റെ വിദേശനയത്തിന്റെ ബാരോമീറ്റർ ആണ്".
>
> "അമേരിക്കൻ സാമ്രാജ്യവാദികളെ പ്രീണിപ്പിക്കാനും കൂടുതൽ അമേരിക്കൻ ഡോളർ സമ്പാദിക്കാനും വേണ്ടിയാണ് ഇന്ത്യൻ ഭരണാധികാരിവൃത്തങ്ങൾ ചൈനയ്ക്കെതിരായ പ്രക്ഷോഭം തുടങ്ങിയത്".
>
> "ഞങ്ങൾ ചോദിക്കാനാഗ്രഹിക്കുന്നു: നെഹ്റു ആരുടെ വക്താവാണ്? ഇന്ത്യൻ ജനതയുടെ വക്താവാണോ? ഒരിക്കലുമല്ല".
>
> "ഇന്ത്യാ-ചൈനാ അതിർത്തിതർക്കം പരിഹരിക്കാൻ കൂട്ടാക്കാതിരിക്കുകയും ഇടവിടാതെ സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്ന നെഹ്റുവിന്റെ ഉദ്ദേശങ്ങൾ മനസ്സിലാക്കണമെങ്കിൽ സാമ്രാജ്യവാദികളുമായി ഉറ്റബന്ധമുള്ള ഇന്ത്യൻ വൻകിട ബൂർഷ്വാസികളുടെയും വൻകിട ജന്മികളുടെയും വർഗ്ഗസ്വഭാവത്തെ പരിശോധിക്കണം. അവരുടെ പ്രതിനിധിയാണ് നെഹ്റു".
>
> "നെഹ്റു ഗവൺമെന്റ് സാമ്രാജ്യവിരുദ്ധ ഫ്യൂഡൽ വിരുദ്ധവിപ്ലവത്തിന്റെ സ്ഥാനത്തു പിന്തിരിപ്പൻ ദേശീയവാദത്തെ പ്രതിഷ്ഠിക്കുകയും സാമ്രാജ്യത്വ ഫ്യൂഡൽ ശക്തികളുമായി കൂട്ടുകൂടുകയും ചെയ്തിരിക്കുന്നു..."
>
> "നെഹ്റു ഇന്ത്യയിലെ വൻകിട ജന്മികളുടെയും വൻകിട ബൂർഷ്വാസിയുടെയും കൂറുള്ള പ്രതിനിധിയാണ്".
>
> "നെഹ്റു സാമ്രാജ്യവിരോധത്തിന്റെയും കോളണിവിരോധത്തിന്റെയും കൊടി ഫലത്തിൽ വലിച്ചെറിയുകയും അമേരിക്കൻ സാമ്രാജ്യവാദികളുടെ സജീവവക്താവായിമാറുകയും ചെയ്തിരിക്കുന്നു".
>
> "സോഷ്യലിസത്തേയും വിവിധരാജ്യങ്ങളിലെ ദേശീയ വിപ്ലവപ്രസ്ഥാനങ്ങളെയും എതിർക്കുകയും സാമ്രാജ്യത്വത്തെ സേവിക്കുകയും ചെയ്യുക എന്ന നയമാണ് നെഹ്റു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ നയത്തെ മറച്ചുപിടിക്കാനുള്ള ഒരുപകരണം മാത്രമാണ് ചേരിചേരാനയം".
>
> "ജനങ്ങളുടെ മേലുള്ള മർദ്ദനവും ചൂഷണവും മൂർച്ഛിപ്പിക്കുക മാത്രമല്ല നെഹ്റു ഗവൺമെന്റ് ചെയ്യുന്നത്. ഇന്ത്യയിലെ സാമ്പത്തികവും രാഷ്ട്രീയവുമായ കുഴപ്പങ്ങളെ നേരിടാൻവേണ്ടി അവർ സാമ്രാജ്യാധിപത്യത്തെ കൂടുതൽ കൂടുതൽ ആശ്രയിക്കുന്നു".
>
> "ഇതുപോലെവേറെയും അനവധി പുതിയ കണ്ടുപിടിത്തങ്ങളുണ്ട്. എന്നാൽ ഇത്രത്തോളം കൊണ്ടുതന്നെ ചൈനീസ് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ മാനസിക പ്രവർത്തനങ്ങളെങ്ങിനെയിരിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയും".

## 4 മാറ്റത്തിന്റെ കാരണം

ഇന്ത്യയുടെ ആഭ്യന്തരസ്ഥിതിയെപ്പറ്റിയും വർഗ്ഗബന്ധങ്ങളെപ്പറ്റിയും മൗലികനയങ്ങളെപ്പറ്റിയുമെല്ലാം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തങ്ങൾ തന്നെയും നടത്തിയ മാർക്സിസ്റ്റ് വിശകലനങ്ങളേയും ആ വിശകലനങ്ങളിൽ നിന്നുണ്ടായ നിഗമനങ്ങളേയും ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഉപേക്ഷിച്ചതെന്തുകൊണ്ടാണ്? 1959 മാർച്ചിലെ പീപ്പിൾസ് ഡെയ്‌ലി ലേഖനമെഴുതപ്പെട്ടതിനുശേഷം പെട്ടെന്ന് ഇന്ത്യയുടെ ആഭ്യന്തര സ്ഥിതിയിലാകെ അടിസ്ഥാനപരമായ വല്ല മാറ്റങ്ങളുമുണ്ടായോ? പക്ഷേ, ഈ ചോദ്യത്തിന്റെ ആവശ്യമില്ല. സ്വാതന്ത്ര്യം കിട്ടിയതുമുതൽക്കുതന്നെ എന്തിന്, ബ്രിട്ടീഷ് ഗവൺമെന്റിന്റെ ജയിലിലിരുന്നുകൊണ്ട് തന്റെ ആത്മകഥയെഴുതിയ കാലത്തുതന്നെ ജവഹർലാൽ നെഹ്റു സാമ്രാജ്യവാദികളുടെ ഏജന്റും മറ്റു രാജ്യങ്ങളെ വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്ന വൻകിട ജന്മികളുടെ വക്താവും ആയിരുന്നുവെന്നതാണു 1962 ഒക്ടോബർ 27-ാം തീയതിയിലത്തെ പീപ്പിൾസ് ഡെയ്‌ലി ലേഖനം ഉറപ്പിച്ചു പറയുന്നത്. അപ്പോൾ മാറിയത് നെഹ്റുവോ ഇന്ത്യയിലെ ദേശീയ ബൂർഷ്വാസിയോ അല്ല, നേരെമറിച്ച് ചൈനയിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ തന്നെയാണ്.

എന്താണീ തകിടം മറിച്ചിലിനു കാരണം? കാരണം വ്യക്തമാണ്, ഇന്ത്യയുടെ ചില പ്രദേശങ്ങൾ ചൈനയ്ക്കവകാശപ്പെട്ടതാണെന്നു വാദിക്കാൻ കഴിയണമെങ്കിൽ അതിർത്തികളെ സംബന്ധിച്ച ഇന്ത്യയുടെ നിലപാട് തെറ്റാണെന്നും ചൈനയുടെ പ്രദേശങ്ങൾ തട്ടിയെടുക്കാൻ കൊതിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യയെന്നും സ്ഥാപിക്കണം. ഇതു സ്ഥാപിക്കണമെങ്കിലോ ഇന്ത്യയുടെ വിദേശനയം സമാധാനപരവും സാമ്രാജ്യവിരുദ്ധവുമല്ലെന്നും, ആക്രമണവാസനയിലടിയുറച്ച ഒരു മൗലികനയത്തിന്റെ അനിവാര്യഫലമായി ഇന്ത്യ ചൈനയെ ആക്രമിച്ചിരിക്കുന്നുവെന്നും—1962 ഡിസംബർ 7-ാം തീയതിയിലത്തെ പീപ്പിൾസ് ഡെയ്‌ലിയുടെ ഭാഷയിൽ പറഞ്ഞാൽ—ചൈനയ്ക്കെതിരായ ഇന്ത്യയുടെ ആക്രമണം "ഇന്ത്യൻ ഭരണാധികാരിപ്പരിഷയുടെ ആഭ്യന്തരവും വൈദേശികവുമായ നയങ്ങളിൽ നിന്നു പൊന്തിവന്നതാണ്". എന്നും തെളിയിക്കണം. "മറ്റൊരുവിധം പറഞ്ഞാൽ, മാർക്സിസം ലെനിനിസത്തേയും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നിഗമനങ്ങളേയും ലംഘിച്ചുകൊണ്ട് ഡോഗ്മാറ്റിസത്തിന്റേയും ബൂർഷ്വാസങ്കുചിത ദേശീയവാദത്തിന്റെയും ആയുധങ്ങളുടെ സഹായത്തോടെ ഇന്ത്യയെ ആക്രമിക്കാനുള്ള ബാലിശമായ അടിയുറപ്പില്ലാത്ത, ഒരു ന്യായീകരണം മാത്രമാണ് ചൈനീസ് നേതാക്കളുടെ പുതിയ ഇന്ത്യാവിശകലനം.

ജനയുഗം 29-3-1963

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014